പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

.................................

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 559

28.02.2017 - ൽ മറുപടിക്ക്.

## പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

..............................

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി | ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
| (എ) വ്യവസായ വകുപ്പിനു കീഴിൽ ചെറുതും വലുതുമായ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പാലക്കാട് ജില്ലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; | (എ) : 11371 യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മാസം ആരംഭിച്ച ടാബ് സർവ്വേ പൂർത്തിയായാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ബി) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകുമോ ; | (ബി) : ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ മെ. ബ്ലിസ്സ്ഫുൾ ഗാർമെന്റ്സ് (പ്രൈ) ലിമിറ്റഡ്, മെ. സൈനിക്ക് ഇന്റർനെറ്റ് ബിസിനസ്സ് സൊല്യൂഷൻസ് ആൻഡ് സർവീസസ്, മെ. മൈക്രോ ക്ലൗഡ്സ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) പ്രസ്തുത പാർക്കിൽ വ്യവസായം തുടങ്ങുവാൻ താത്പര്യമുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശം നൽകാമോ ; | (സി) : പ്രസ്തുത പാർക്കിൽ വ്യവസായം തുടങ്ങുവാൻ താത്പര്യം പ്രകടിപ്പിക്കുകയും ഭൂമി അലോട്ട് ചെയ്യുകയും ചെയ്ത സംരംഭകർ :<br>1. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം<br>2. ശ്രീ. സുബിൻ കെ. എൻ.<br>3. ശ്രീ. വിനീത് കുമാർ.<br>4. ശ്രീ. സുരേഷ് കുമാർ പി. |
| (ഡി) എല്ലാ വ്യവസായ സംരംഭകർക്കും സ്ഥലം അനുവദിയ്ക്കാൻ കഴിയുമോ ; വ്യക്തമാക്കാമോ ? | (ഡി) : നിലവിൽ വ്യവസായം തുടങ്ങുവാൻ അപേക്ഷ നൽകിയ സംരംഭകർക്ക് ഭൂമി നൽകിയിട്ടുണ്ട്. അപേക്ഷകർ കൂടുതലുണ്ടെങ്കിൽ വ്യക്തമായ മാനദണ്ഡങ്ങളോടെ പദ്ധതിയുടെ വിശദാംശങ്ങൾ വിലയിരുത്തിയേ ഭൂമി അനുവദിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.